6. വിശാലകൊച്ചി വികസന അതോറിറ്റി.

7. ഗോശ്രീദ്വീപ് വികസന അതോറിറ്റി.

8. തൃശ്ശൂർ നഗര വികസന അതോറിറ്റി.

9. പാലക്കാട് വികസന അതോറിറ്റി.

10. കോഴിക്കോട് വികസന അതോറിറ്റി.

11. കണ്ണൂർ വികസന അതോറിറ്റി.

12. കാസർഗോഡ് വികസന അതോറിറ്റി.

(ബി) ചില വികസന അതോറിറ്റികൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വികസന അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിയുക്തമായിരുന്ന ബാലചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെയും പഞ്ചായത്ത് - നഗരപാലികാനിയമങ്ങൾ അനുസരിച്ച് ആസൂത്രണവും വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്നതിനാൽ വികസന അതോറിറ്റികൾ നിർത്തലാക്കണമെന്ന അധികാര വികേന്ദ്രീകരണ (സെൽ) കമ്മിറ്റിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് വികസന അതോറിറ്റികൾ ഘട്ടംഘട്ടമായി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം വികസന അതോറിറ്റികളാണ് നിർത്തലാക്കുന്നത് എന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

132 (1358) ഡി.ആർ.ഡി.എ. യുടെ പ്രവർത്തനം

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ആർ.ഡി.എ. നിർത്തലാക്കി അവയുടെ പ്രവർത്തനം ജില്ലാ പഞ്ചായത്തിൽ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഡി.ആർ.ഡി.എ.യുടെ പ്രവർത്തനത്തിൽ ഉണ്ടായിരുന്ന വീഴ്ചകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) പുതിയ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.ആർ.ഡി.എ. നിർത്തലാക്കി അതിന്റെ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കണമെന്നും അതിലെ സ്റ്റാഫിനെ ജില്ലാ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് വിട്ടുകൊടുക്കണമെന്നും അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രവർത്തനത്തിലുള്ള വീഴ്ചകൾ കൊണ്ടല്ല ഡി.ആർ.ഡി.എ. നിർത്തലാക്കാൻ തീരുമാനിച്ചത്. അധികാര വികേന്ദ്രീകരണ ലക്ഷ്യം പൂർണ്ണമാക്കുന്നതിനായിട്ടാണ്. ആകയാൽ വീഴ്ചകൾ എന്തൊക്കെയാണെന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഡി.ആർ.ഡി.എ. നിർത്തലാക്കാൻ ശുപാർശ ചെയ്തതിന്റെ പ്രധാന ഉദ്ദേശം പ്രസ്തുത ഏജൻസി മുഖേന നടത്തിവന്നിരുന്ന വികസന പ്രർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകുക എന്നതായിരന്നു. ഇത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പാക്കുകയാണ് ചെയ്തത്,

133 (1359) തൃശ്ശൂർ നഗരവികസന അതോറിറ്റിയുടെ പുതിയ മന്ദിരം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റി പണിപൂർത്തിയാക്കിയ പുതിയ മന്ദിരത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണമെന്താണ്;

(ബി) പുതിയ മന്ദിരത്തിന്റെ പണി എന്നാണ് തുടങ്ങിയത്; എസ്റ്റിമേറ്റ് തുക എത്ര;

(സി) ഇതിന്റെ പണി പൂർത്തിയായത് എന്ന്; ഇപ്പോൾ എന്തു തുക ചെലവായി;

(ഡി) ഈ കെട്ടിടത്തിലേക്ക് തൃശ്ശൂർ നഗരവികസന അതോറിറ്റിയുടെ ഓഫീസ് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ മന്ദിരത്തിൽ മുറികൾ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ മന്ദിരത്തിന്റെ പണി പൂർത്തിയായിട്ടില്ല.

(ബി) പുതിയ മന്ദിരത്തിന്റെ പണി 17.8.93-ലാണ് തുടങ്ങിയത്. എസ്റ്റിമേറ്റ് തുക 91,82,000/ രൂപയാണ്.

(സി) പണി പൂർത്തിയായിട്ടില്ല. ഇതുവരെ 1,47,35,490/- രൂപ ചെലവായി.

(ഡി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

(ഇ) പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുറികൾ വാടകയ്ക്ക് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly